കേരളകൗമുദി
18 ജൂലായ് 2017 ചൊവ്വ
തിരുവനന്തപുരം

നൈജീരിയയിൽ ചാവേറാക്രമണം; 8 മരണം

മൈദുഗരി: വടക്ക് കിഴക്കൻ നൈജീരിയയിലെ പള്ളിയിൽ പെൺ ചാവേർ പൊട്ടിത്തെറിച്ച് എട്ട് മരണം. ചാവേറിനെ തിരിച്ചറിഞ്ഞ് സുരക്ഷാസേന പിന്തുടർന്നെങ്കിലും പെട്ടെന്ന് വിശ്വാസികൾക്കിടയിലേക്ക് ഓടിക്കയറി പൊട്ടിത്തെറിക്കുകയായിരുന്നു. പതിമൂന്ന് പേർക്ക് പരിക്കേറ്റു. സ്ഫോടനത്തിൽ പള്ളി പൂർണമായും തകർന്നു. ആക്രമണത്തിന് പിന്നിൽ ഭീകര സംഘടനയായ ബൊക്കോ ഹറാമാണെന്ന് സംശയിക്കുന്നതായി പൊലീസ് പറഞ്ഞു.

ജി.എം കടുക്: തീരുമാനം എടുത്തിട്ടില്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ജനിതകമാറ്റം വരുത്തിയ (ജി.എം) കടുക് ഉപയോഗിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടില്ലെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഇതുസംബന്ധിച്ച് വ്യക്തമായ നയം എന്ന് പുറത്തിറക്കുമെന്ന് അറിയിക്കാൻ കേന്ദ്രത്തോട് ചീഫ് ജസ്റ്റിസ് ജെ.എസ്. കേഹാർ അദ്ധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചു.

ജി.എം കടുക് വാണിജ്യാടിസ്ഥാനത്തിൽ അനുവദിക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിക്കുകയാണെന്നും ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ലെന്നും കേന്ദ്രത്തിന് വേണ്ടി അഡിഷണൽ സോളിസിറ്റർ ജനറൽ തുഷാർ മെഹ്തയാണ് കോടതിയെ അറിയിച്ചത്.

ഇക്കാര്യത്തിൽ നിർദ്ദേശങ്ങളും എതിർപ്പുകളും ക്ഷണിച്ചിട്ടുണ്ട്. ജി.എം കടുക് വാണിജ്യ അടിസ്ഥാനത്തിൽ വിൽക്കുന്നതിനുള്ള നിരോധനം കഴിഞ്ഞ ഒക്ടോബറിൽ സുപ്രീംകോടതി നീട്ടിയിരുന്നു. ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ സ്റ്റേ തുടരും.

പ്രത്യാക്രമണത്തിന് മടിക്കില്ലെന്ന് പാകിസ്ഥാനോട് ഇന്ത്യ

ന്യൂഡൽഹി: ജമ്മു കാശ്മീരിലെ നിയന്ത്രണരേഖയിൽ വെടിനിറുത്തൽ ധാരണ ലംഘിക്കുന്ന പാകിസ്ഥാനെതിരെ പ്രത്യാക്രമണം നടത്താൻ മടിക്കില്ലെന്ന് ഇന്ത്യൻ സൈന്യം വ്യക്തമാക്കി. പാക് കരസേനാ മേധാവിയുടെ അഭ്യർത്ഥന പ്രകാരം ഇന്നലെ ഇന്ത്യ-പാക് മിലിട്ടറി ഓപ്പറേഷൻസ് ഡയറക്ടർ ജനറൽമാർ നടത്തിയ ചർച്ചയിലായിരുന്നു ഇന്ത്യ നിലപാട് അറിയിച്ചത്. പാക് സേനയെ ഇന്ത്യ ലക്ഷ്യം വയ്ക്കുന്നതായി പാകിസ്ഥാൻ ആരോപിച്ചു. എന്നാൽ പാകിസ്ഥാന്റെ വെടിനിറുത്തൽ കരാർ ലംഘനത്തിന് മറുപടി എന്നോണമാണ് സൈന്യം പ്രതികരിച്ചതെന്ന് ഇന്ത്യ വ്യക്തമാക്കി.

കഴിഞ്ഞ ദിവസം പാക് അധീന കാശ്മീരിലെ അത്മുകം സെക്ടറിലുണ്ടായ ഇന്ത്യൻ വെടിവയ്പിൽ നാല് പാക് സൈനികരും ഒരു നാട്ടുകാരനും കൊല്ലപ്പെട്ടതായും പാക് ഡയറക്ടർ ജനറൽ ഒഫ് മിലിട്ടറി ഓപ്പറേഷൻസ് ഷഹീദ് ഷംഷാദ് മിർസ ആരോപിച്ചു.

എന്നാൽ അടുത്തിടെ അതിർത്തിയിൽ വെടിനിറുത്തൽ കരാർ തുടർച്ചയായി ലംഘിച്ചത് പാകിസ്ഥാനാണെന്നും ഇന്ത്യ അതിന് അനുയോജ്യമായി മാത്രമേ പ്രതികരിച്ചിട്ടുള്ളൂവെന്നും നിയന്ത്രണരേഖയിലൂടെ നുഴഞ്ഞുകയറാൻ ശ്രമിച്ചവർക്കുനേരെ മാത്രമാണ് സൈന്യം വെടിയുതിർത്തതെന്നും ഇന്ത്യയുടെ ഡി.ജി.എം.ഒ ജനറൽ ഭട്ട് പ്രസ്താവനയിൽ പറഞ്ഞു.

ഏതെങ്കിലും ഒരു രാജ്യത്തിന്റെ അഭ്യർത്ഥനയെ തുടർന്ന് മാത്രമാണ് ഇരു രാജ്യങ്ങളിലെയും ഡി.ജി.എം.ഒമാർ തമ്മിൽ സംഭാഷണം നടത്താറുള്ളത്. നിയന്ത്രണ രേഖയിലെ നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന്റെ ഭാഗമായി പാകിസ്ഥാന്റെ അഭ്യർത്ഥനപ്രകാരം ഇക്കഴിഞ്ഞ ജൂൺ 5നാണ് ഇരുരാജ്യങ്ങളിലെയും ഡി.ജി.എം.ഒമാർ തമ്മിൽ അവസാനമായി ചർച്ച നടത്തിയത്.

അസാധു നോട്ടുകൾ മാറ്റാൻ ഇനി അവസരമില്ല

ന്യൂഡൽഹി: അസാധു നോട്ടുകൾ മാറ്റിയെടുക്കാൻ ഇനി അവസരം നൽകാനാവില്ലെന്ന് കേന്ദ്ര സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. നോട്ടുകൾ മാറ്റിയെടുക്കാൻ അവസാനമായി ഒരു അവസരം കൂടി നൽകുന്ന കാര്യം പരിഗണിക്കണമെന്ന് ചീഫ് ജസ്റ്റിസ് ജെ.എസ്. കേഹാർ അദ്ധ്യക്ഷനായ ബെഞ്ച് നേരത്തേ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു.

ഇതിനുള്ള മറുപടി സത്യവാങ്മൂലത്തിലാണ് കേന്ദ്രം നിലപാട് അറിയിച്ചത്. പഴയ 500, 1000 രൂപ നോട്ടുകൾ മാറാൻ അവസരം നൽകിയാൽ നോട്ട് അസാധുവാക്കൽ നടപടിയുടെ ഉദ്ദേശ്യലക്ഷ്യം തന്നെ അട്ടിമറിക്കപ്പെടുമെന്നും സർക്കാർ അറിയിച്ചു.

കള്ളപ്പണത്തിനെതിരായ നീക്കങ്ങളെയും നടപടി ദോഷകരമായി ബാധിക്കും. അതിനാൽ ഇനി അവസരം നൽകാനാവില്ലെന്ന് കേന്ദ്രം വ്യക്തമാക്കി.

പാക് വെടിവയ്പ്പ്; ജവാന് വീരമൃത്യു

ശ്രീനഗർ: അതിർത്തിയിൽ പാക് സൈന്യം നടത്തിയ വെടിവയ്പിൽ ഒരു ഇന്ത്യൻ സൈനികനും ഏഴു വയസുകാരിയും കൊല്ലപ്പെട്ടു. മോർട്ടാർ ഷെൽ ആക്രമണത്തിൽ മൂന്ന് പ്രദേശവാസികൾക്കും പരിക്കേറ്റിട്ടുണ്ട്.

പൂഞ്ച് മേഖലയിലുണ്ടായ ഷെല്ലാക്രമണത്തിലാണ് ഏഴ് വയസുകാരി സെയ്ദ കൊല്ലപ്പെട്ടത്. രജൗറി മേഖലയിലുണ്ടായ സ്ഫോടനത്തിലാണ് ജവാൻ മുദാഷീർ അഹമ്മദ് കൊല്ലപ്പെട്ടത്.

മുദാഷീർ അഹമ്മദ്

പാകിസ്ഥാന്റെ ഭാഗത്തു നിന്ന് പ്രകോപനം തുടരുകയാണെന്ന് ഇന്ത്യൻ സൈനിക വക്താക്കൾ ഇന്നലെ പ്രതികരിച്ചിരുന്നു. ഇന്ത്യ സംയമനം പാലിക്കുകയാണെന്നും പരിധി കടന്നാൽ ശക്തമായ മറുപടി നൽകുമെന്നും ഡയറക്ടർ ജനറൽ വക്താക്കൾ പറഞ്ഞു.

ഇന്നലെ രാവിലെ 7.30 ഓടെയാണ് നിയന്ത്രണരേഖയ്ക്ക് സമീപം യാതൊരു പ്രകോപനവുമില്ലാതെ പാകിസ്ഥാൻ വെടിനിറുത്തൽ കരാർ ലംഘിച്ചത്.

നിഗൂഢ ധാതുനിക്ഷേപം ഒളിപ്പിച്ച് ഇന്ത്യൻ സമുദ്രങ്ങൾ

കൊൽക്കത്ത: ഇന്ത്യൻ സമുദ്രങ്ങളുടെ അടിത്തട്ടിൽ വിലമതിക്കാനാകാത്ത ധാതുലവണ നിക്ഷേപമുള്ളതായി ജിയോളജിക്കൽ സർവേ ഒഫ് ഇന്ത്യയിലെ (ജി.എസ്.ഐ) ഗവേഷകർ കണ്ടെത്തി. ഇന്ത്യൻ ഉപദ്വീപിനെ ചുറ്റിപ്പറ്റി സമുദ്രത്തിന്റെ അടിത്തട്ടിൽ ദശലക്ഷക്കണക്കിന് ടൺ അപൂർവയിനം ധാതുക്കളും ധാതുലവണങ്ങളും ഉള്ളതായാണ് ഗവേഷകർ കണ്ടെത്തിയിരിക്കുന്നത്.

2014ൽ ചെന്നൈ, മംഗളൂരു, മാന്നാർ ബേസിൻ, ആൻഡമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നടത്തിയ ഗവേഷണഫലമായി ഇവിടെ വൻതോതിൽ സമുദ്ര നിക്ഷേപമുള്ളതായി കണ്ടെത്തിയിരുന്നു. ഇവിടെ കണ്ടെത്തിയ ഫോസ്ഫേറ്റ് ഹൈഡ്രോ കാർബണുകളും മൈക്രോ നോഡ്യൂളുകളും അടങ്ങിയ സമൃദ്ധമായ സമുദ്ര അടിത്തട്ടാണ് ഇവരെ കൂടുതൽ ഗവേഷണങ്ങളിലേക്ക് നയിച്ചത്.

സമുദ്രങ്ങൾ ഒളിപ്പിച്ചത്

- സമുദ്ര രത്നാകർ, സമുദ്ര കൗസ്തുഭ്, സമുദ്ര സൗദികാമ എന്നീ കപ്പലുകളാണ് ഗവേഷണം നടത്തിയത്
- മൂന്നുവർഷത്തെ ഗവേഷണത്തിൽ കണ്ടെത്തിയത് 1,81,025 ചതുരശ്ര കിലോമീറ്റർ അതീവസാന്ദ്രതയേറിയ കടൽത്തിട്ട



ലക്ഷദ്വീപിൽ നിന്നുള്ള മൈക്രോ മാംഗനീസ് നോഡ്യൂൾ

> ശക്തമായ ധാതുനിക്ഷേപങ്ങളുടെ ഉറവിടം കണ്ടെത്തുകയും അവയെ വിലയിരുത്തുകയുമാണ് ഗവേഷണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. സിമന്റ്, പെയിന്റ്, കീടനാശിനികൾ തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് സമുദ്രനിക്ഷേപം ഭാവിയിൽ മുതൽക്കൂട്ടാകും.
>
> *ആശിഷ് നാഥ് (ജി.എസ്.ഐ സൂപ്രണ്ട് ജിയോളജിസ്റ്റ്)*

ശശികലയ്ക്കെതിരെ റിപ്പോർട്ട്; ഡി.ഐ.ജിക്ക് സ്ഥലംമാറ്റം

ബംഗളൂരു: അണ്ണാ ഡി.എം.കെ ജനറൽ സെക്രട്ടറി ശശികലയ്ക്കു ജയിലിൽ പ്രത്യേക സൗകര്യങ്ങൾ നൽകുന്നുവെന്ന് റിപ്പോർട്ട് നൽകിയ ജയിൽ ഡി.ഐ.ജി ഡി. രൂപയെ സ്ഥലംമാറ്റി. പരപ്പന അഗ്രഹാര ജയിലിൽ ശശികലയ്ക്ക് അട്ടക്കള അനുവദിച്ചതായി ആരോപിച്ച് മേലുദ്യോഗസ്ഥർക്ക് റിപ്പോർട്ട് നൽകിയതിന് ട്രാഫിക് വിഭാഗത്തിലേക്കാണ് രൂപയെ സ്ഥലംമാറ്റിയിരിക്കുന്നത്.

സർക്കാരിനു നൽകിയ റിപ്പോർട്ട് പത്ര, ദൃശ്യ, സമൂഹ മാദ്ധ്യമങ്ങളിലൂടെ പുറത്തുവിട്ടെന്ന് ആരോപിച്ച് രൂപയ്ക്ക് സർക്കാർ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ഇതിനു പിന്നാലെയാണ് സ്ഥലംമാറ്റം. രണ്ടുകോടി രൂപ പ്രതിഫലം വാങ്ങിയാണ് ശശികലയ്ക്ക് ജയിലിൽ ആഡംബര സൗകര്യങ്ങൾ ഒരുക്കുന്നതെന്ന ആരോപണവും റിപ്പോർട്ടിൽ ഉണ്ടായിരുന്നു.

വെങ്കയ്യ; ബി.ജെ.പിയുടെ ദക്ഷിണേന്ത്യൻ മുഖം

പ്രസൂൻ എസ്. കണ്ടത്ത്

ന്യൂഡൽഹി: വടക്കേ ഇന്ത്യയുടെ പാർട്ടിയായി ഒതുങ്ങുമായിരുന്ന ബി.ജെ.പിക്ക് ദക്ഷിണേന്ത്യയിൽ വേരോട്ടമുണ്ടാക്കിയതിൽ നിർണായക പങ്കുവഹിച്ചതിനുള്ള അംഗീകാരം കൂടിയാണ് വെങ്കയ്യ നായിഡുവിന് വൈസ് പ്രസിഡന്റ് സ്ഥാനാർത്ഥിത്വം.

- ആന്ധ്രയിലെ നെല്ലൂർ ജില്ലയിൽ ചാവടപ്പാലത്ത് 1949ൽ ജനനം.
- കോളേജ് പഠനകാലം മുതൽ ആർ.എസ്.എസിലും എ.ബി.വി.പിയിലും സജീവം
- കോസ്റ്റൽ ആന്ധ്രാ, റായൽ സീമാ പ്രദേശങ്ങളോടുള്ള അവഗണനയ്ക്കെതിരെ നടന്ന ജയ് ആന്ധ്രാ പ്രക്ഷോഭങ്ങളിലൂടെ ശ്രദ്ധേയനായി
- 1974ൽ ജയപ്രകാശ് നാരായണൻ ഛാത്ര സംഘർഷ സമിതിയിലൂടെ അഴിമതിവിരുദ്ധ പോരാട്ടം
- അടിയന്തരാവസ്ഥയെ എതിർത്ത് 1975-77 കാലത്ത് ജയിലിൽ കിടന്നു പ്രാസമൊപ്പിച്ച് തനതു ശൈലിയിലെ പ്രസംഗം കൈയടി നേടി
- ആന്ധ്രാ രാഷ്ട്രീയത്തിലെ യുവനേതാവായി അരങ്ങേറ്റം
- 1977-1980 വരെ ബി.ജെ.പിയുടെ യുവജനവിഭാഗം അദ്ധ്യക്ഷൻ
- 1978ൽ ഉദയഗിരി മണ്ഡലത്തിൽ നിന്ന് ജയിച്ച് നിയമസഭയിൽ
- 1980ൽ ബി.ജെ.പി യുവജനവിഭാഗം ഉപാദ്ധ്യക്ഷനായി ദേശീയതലത്തിലേക്ക്
- 1980 മുതൽ അഞ്ചുവർഷം ആന്ധ്രാ ബി.ജെ.പി നിയമസഭാകക്ഷി നേതാവ്
- 1988-1993 വരെ പാർട്ടിയുടെ സംസ്ഥാന അദ്ധ്യക്ഷൻ
- 2006 മുതൽ പാർലമെന്ററി ബോർഡിലും കേന്ദ്ര തിരഞ്ഞെടുപ്പ് സമിതിയിലും അംഗം
- 1998ൽ രാജ്യസഭാംഗമായി പാർലമെന്റിലെത്തിയ വെങ്കയ്യ 2004, 2010, 2016 വർഷങ്ങളിൽ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു
- 2000ൽ വാജ്പേയ് സർക്കാരിൽ നഗരവികസന മന്ത്രി
- 2014ൽ മോദി സർക്കാരിൽ നഗരവികസനം, പാർലമെന്ററികാര്യം, വാർത്താവിതരണ പ്രക്ഷേപണം തുടങ്ങിയ സുപ്രധാന വകുപ്പുകൾ
- ഭാര്യ: ഉഷാമ്മ, മക്കൾ: ഹർഷവർദ്ധൻ നായിഡു, ദീപാ വെങ്കട്ട്
- ഉപരാഷ്ട്രപതിയായാൽ ഭൈരോൺ സിംഗ് ഷെഖാവത്തിന് ശേഷം ആ പദവിയിലെത്തുന്ന രണ്ടാമത്തെ ബി.ജെ.പി നേതാവാകും

കേരളവുമായി അടുത്ത ബന്ധം

1993ൽ കേരളം അടക്കം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ചുമതല വെങ്കയ്യയ്ക്കായിരുന്നു. കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് നേതാക്കളുമായും പ്രവർത്തകരുമായും നല്ലബന്ധമുണ്ടാക്കി. അഴിമതി ആരോപിക്കപ്പെട്ട ചില നേതാക്കളെ സംസ്ഥാനത്തിന് പുറത്തേക്ക് മാറ്റിയതും ഇദ്ദേഹം ഇടപെട്ടാണ്. മുസ്ലീം ലീഗ് അടക്കം കേരളത്തിലെ മറ്റു പാർട്ടികളിലെ നേതാക്കളുമായും അദ്ദേഹം അടുത്ത ബന്ധം സൂക്ഷിക്കുന്നു.

കരുത്തറിയിച്ച് ത്രിരാഷ്ട്ര നാവികാഭ്യാസം

ഇന്ത്യ-യുഎസ്- ജപ്പാൻ സംയുക്ത നാവിക അഭ്യാസ പ്രകടനത്തിൽനിന്ന്

ന്യൂഡൽഹി: ഇന്ത്യ-ചൈന പ്രശ്നങ്ങൾ പരിഹാരമില്ലാതെ തുടരുന്നതിനിടെ ബംഗാൾ ഉൾക്കടലിൽ അമേരിക്ക, ജപ്പാൻ, ഇന്ത്യ ത്രിരാഷ്ട്ര നാവികാഭ്യാസം പുരോഗമിക്കുന്നു. മൂന്ന് രാജ്യങ്ങളിലെയും നാവിക സേനകൾ സംയുക്തമായാണ് 'മലബാർ നാവിക അഭ്യാസ പ്രകടനം' സംഘടിപ്പിച്ചത്.

മൂന്നു രാജ്യങ്ങൾ തമ്മിലുള്ള സൈനിക സഹകരണം ഉറപ്പിക്കുന്നത് ലക്ഷ്യമിട്ട് ജൂലായ് 10നാണ് സംയുക്താഭ്യാസ പ്രകടനം ആരംഭിച്ചത്. മൂന്ന് രാജ്യങ്ങളിൽ നിന്നുള്ള 16 യുദ്ധക്കപ്പലുകളും 95ൽപ്പരം യുദ്ധവിമാനങ്ങളും അഭ്യാസ പ്രകടനത്തിൽ പങ്കെടുത്തു.

നാവികാഭ്യാസങ്ങളുടെ ചിത്രങ്ങൾ ഇന്ത്യൻ നാവികസേന പുറത്തുവിട്ടു. ഇന്ത്യയുടെ ഐ.എൻ.എസ് വിക്രമാദിത്യ, അമേരിക്കയുടെ യു.എസ്.എസ് നിമിത്സ് എന്നിവയുടെയും മിഗ്-29കെ, എഫ്/എ-18 എന്നീ ജെറ്റ് വിമാനങ്ങളുടെയും ചിത്രങ്ങൾ പുറത്തുവിട്ടിട്ടുണ്ട്.

അമേരിക്കയുടെ യു.എസ്.എസ് പ്രിൻസെറ്റോൺ (സി.ജി 59), യു.എസ്.എസ് ഹോവാർഡ് (ഡിഡി 83), യു.എസ്.എസ് ഷൂപ് (ഡി.ഡി.ജി 86), യു.എസ്.എസ് കിഡ് (ഡി.ഡി.ജി 100) തുടങ്ങിയ അമേരിക്കയുടെ അത്യാധുനിക കപ്പലുകളും ജപ്പാന്റെ ഹെലികോപ്ടർ വാഹക കപ്പലായ ജെ.എസ് ഇസുമോ അടക്കമുള്ളവയും പ്രകടനത്തിന്റെ ഭാഗമായി.

മാർട്ടിൻ ലാൻഡൗ അന്തരിച്ചു



ലോസ്ഏഞ്ചൽസ്: പ്രമുഖ ഹോളിവുഡ് താരവും ഓസ്കാർ ജേതാവുമായ മാർട്ടിൻ ലാൻഡൗ അന്തരിച്ചു. 89 വയസായിരുന്നു. ലോസ് ഏഞ്ചൽസിലായിരുന്നു അന്ത്യം. 'മിഷൻ ഇംപോസിബിൾ' എന്ന ടെലിവിഷൻ പരമ്പരയിലൂടെയാണ് മാർട്ടിൻ ലാൻഡൗ പ്രേക്ഷക ഹൃദയത്തിൽ ഇടം നേടിയത്. 'എഡ് വുഡ്' എന്ന ചിത്രത്തിലെ അഭിനയത്തിന് 1994ൽ ഓസ്കാർ പുരസ്കാരത്തിന് അർഹനായി.

ലോകപ്രശസ്ത സംവിധായകരായ ഫ്രാൻസിസ് ഫോഡ് കൊപ്പോള, വുഡി അലൻ, ടിം ബർട്ടൺ എന്നിവരുടെ ചിത്രങ്ങളിലൂടെയാണ് ലാൻഡൗ അഭിനയപാടവം തെളിയിച്ചത്.

1960കളിലെ ജനപ്രിയ സ്പൈ സിരീസായ 'മിഷൻ ഇംപോസിബിളി'ലെ അഭിനയത്തിലൂടെ ലാൻഡൗവിനെയും ഭാര്യ ബാർബറ ബെയ്നിനെയും പ്രേക്ഷകർ വരവേറ്റു. ടിം ബർട്ടന്റെ 'എഡ് വുഡാ'യിരുന്നു അദ്ദേഹത്തിന് മികച്ച സഹനടനുള്ള ഓസ്കാർ പുരസ്കാരം നേടിക്കൊടുത്തത്. മികച്ച സിനിമകൾക്കൊപ്പം 'മൂന്നാം കിട' തമാശച്ചിത്രങ്ങളുടെയും ഭാഗമായിട്ടുണ്ട് മാർട്ടിൻ ലാൻഡൗ.

എന്നാൽ ഇതെല്ലാം ഒരു അഭിനേതാവിന്റെ വൈവിദ്ധ്യതയെ കണ്ടെത്താനുള്ള വഴികളാണെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

വിവിധം

നടന്മാരെല്ലാം ആഭാസന്മാരല്ല

തിരുവനന്തപുരം: സിനിമാ നടന്മാരെല്ലാം ആഭാസന്മാരും കൊള്ളരുതാത്തവരുമാണെന്ന അഭിപ്രായമില്ലെന്ന് വാർത്താലേഖകരുടെ ചോദ്യത്തിന് വൈക്കം വിശ്വൻ മറുപടി നൽകി. എം.എൽ.എ മുകേഷിന്റെ മൊഴിയെടുക്കാനുള്ള സ്വാതന്ത്ര്യം പൊലീസിനുണ്ട്. അത്തരം കാര്യങ്ങളിലൊന്നും മൂക്കുകയറിടാൻ ഉദ്ദേശിച്ചിട്ടില്ല.

ജനതാദൾ-യു യു.ഡി.എഫ് വിട്ടുവന്നാൽ അവരുമായി ചർച്ച നടത്തും. മറ്റൊരു മുന്നണിയിൽ നിൽക്കുമ്പോൾ ചർച്ച ചെയ്യേണ്ട കാര്യമില്ല. രാഷ്ട്രപതി തിരഞ്ഞെടുപ്പിൽ കേന്ദ്രനേതൃത്വത്തിന് വിരുദ്ധമായ അവരുടെ തീരുമാനം ഇടതുമുന്നണി സ്വാഗതം ചെയ്തിട്ടുണ്ടെന്നും വൈക്കം വിശ്വൻ പറഞ്ഞു.

മികച്ച പാർലമെന്റേറിയൻ അവാർഡ്ദാനം നാളെ

ന്യൂഡൽഹി: ലോകമത് മീഡിയ ഗ്രൂപ്പ് ഏർപ്പെടുത്തിയ, മികച്ച പാർലമെന്റേറിയനുള്ള അവാർഡ് എൻ.കെ പ്രേമചന്ദ്രൻ നാളെ വൈകിട്ട് 5ന് ന്യൂഡൽഹി വിജ്ഞാൻ ഭവനിലെ ചടങ്ങിൽ ഉപരാഷ്ട്രപതി എം ഹമീദ് അൻസാരിയിൽ നിന്ന് ഏറ്റുവാങ്ങും. മുൻ പ്രധാനമന്ത്രിമാരായ ഡോ. മൻമോഹൻ സിംഗ്, എച്ച്.ഡി ദേവഗൗഡ, രാജ്യസഭ ഉപാദ്ധ്യക്ഷൻ പ്രൊ.പി.ജെ കുര്യൻ, കേന്ദ്രമന്ത്രിമാരായ അരുൺ ജയ്റ്റ്ലി, എം. വെങ്കയ്യനായിഡു, രാജ്യസഭാ പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദ് തുടങ്ങിയവർ പങ്കെടുക്കും.

നഴ്സുമാരുടെ പ്രശ്നം പരിഹരിക്കണം: എൽ.ഡി.എഫ്

റേഷൻ അപാകതകൾ തീർക്കണം

തിരുവനന്തപുരം: നഴ്സുമാരുടെ സമരം എത്രയും വേഗം ഒത്തുതീർപ്പാക്കണമെന്നും, റേഷൻ മുൻഗണനാപ്പട്ടികയിലെ അപാകതകൾ തിരുത്തണമെന്നും ഇടതുമുന്നണി നേതൃയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

നഴ്സുമാരുടെ ആവശ്യങ്ങൾ തെറ്റല്ലെന്ന് കൺവീനർ വൈക്കം വിശ്വൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സർക്കാരിന് പിടിവാശിയില്ല. എന്നാൽ, സമരത്തിന് വേണ്ടി സമരമെന്ന രീതി അംഗീകരിക്കാനാവില്ല. അർഹരായ പലർക്കും റേഷൻ കിട്ടാതിരിക്കുകയും, അനർഹരായവർക്ക് കിട്ടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. പിശകുകൾ ഒഴിവാക്കി ശാസ്ത്രീയമായ പട്ടിക തയാറാക്കണം. പഞ്ചസാരയും മണ്ണെണ്ണയും ന്യായമായി ലഭിക്കാൻ നടപടികളെടുക്കണം.

കേന്ദ്ര നയങ്ങളുടെ ഭാഗമായി കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾക്കെതിരായ കർഷക സമരങ്ങൾക്ക് പിന്തുണ നൽകും. ആസിയാൻ കരാറും ആർ.സി.ഇ.പിയുമായി ബന്ധപ്പെട്ട് ഹൈദരാബാദിൽ നടക്കുന്ന യോഗത്തിന് മുന്നോടിയായി വേണ്ട തയാറെടുപ്പുകൾ സർക്കാർ നടത്തണം.

കെ.എസ്.ആർ.ടി.സിയിലെ ശമ്പള, പെൻഷൻ പ്രശ്നം തീർക്കണം. വിരമിക്കൽ പ്രായവുമായി ബന്ധപ്പെട്ട് കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ എൽ.ഡി.എഫിന് നൽകിയ നിവേദനം സർക്കാരിന്റെ പരിഗണനയ്ക്ക് വിട്ടു.

വിരമിക്കൽ പ്രായം പല തരത്തിലായത് ഡോക്ടർമാരെ പല തട്ടുകളിലാക്കിയതിനാൽ ഏകീകൃതമായ തീരുമാനം വേണമെന്നാണ് ആവശ്യം.

നഴ്സിംഗ് വിദ്യാർത്ഥികൾക്ക് വേണ്ടി പ്രതിഷേധിച്ചു

തിരുവനന്തപുരം: നഴ്സിംഗ് വിദ്യാർത്ഥികൾക്കെതിരെ കരിനിയമങ്ങൾ പ്രയോഗിക്കുന്ന കണ്ണൂർ കളക്ടറുടെ ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് നഴ്സുമാർ നഴ്സിംഗ് കൗൺസിൽ ഓഫീസിന് മുന്നിൽ പ്രതിഷേധ മാർച്ച് നടത്തി. യുണൈറ്റഡ് നഴ്സ് അസോസിയേഷനും സ്റ്റുഡന്റ്സ് അസോസിയേഷനും ചേർന്നാണ് മാർച്ച് സംഘടിപ്പിച്ചത്. സംഘടന സംസ്ഥാന വൈസ് പ്രസിഡന്റ് സിബി മുകേഷ്, ജില്ല കമ്മിറ്റി അംഗം സുരേഷ് എന്നിവർ പങ്കെടുത്തു.

una
കണ്ണൂർ കളക്ടറുടെ വിവാദ ഉത്തരവ് പിൻവലിക്കുവാൻ ഇടപെടുക
നഴ്സിംഗ് വിദ്യാർത്ഥികൾക്കെതിരെ കരിനിയമങ്ങൾ പ്രയോഗിക്കുന്നതിനെതിരെ

കണ്ണൂർ കളക്ടറുടെ വിവാദ ഉത്തരവ് പിൻവലിക്കാൻ ഇടപെടുക, നഴ്സിംഗ് വിദ്യാർത്ഥികൾക്കെതിരെ കരിനിയമങ്ങൾ പ്രയോഗിക്കുന്നതിനെതിരെയും യുണൈറ്റഡ് നഴ്സസ് അസോസിയേഷനും, യുണൈറ്റഡ് നഴ്സസ് സ്റ്റുഡന്റ്സ് അസോസിയേഷനും ചേർന്ന് തിരുവനന്തപുരം നഴ്സിംഗ് കൗൺസിലിലേക്ക് നടത്തിയ മാർച്ച്

കളക്ടറുടെ ഉത്തരവിനെ പരിയാരത്തെ നഴ്സിംഗ് വിദ്യാർത്ഥികൾ അവഗണിച്ചു

കണ്ണൂർ: സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരത്തെ നേരിടാൻ കണ്ണൂർ ജില്ലാ കളക്ടർ നിരോധനാജ്ഞ പ്രഖ്യാപിച്ചതിനെതിരെ പരിയാരം മെഡിക്കൽ കോളേജിലെ നഴ്സിംഗ് വിദ്യാർത്ഥികൾ സമരത്തിനിറങ്ങി. വിദ്യാർത്ഥികൾ ആശുപത്രികളിൽ ജോലിക്കെത്തണമെന്ന കളക്ടറുടെ നിർദ്ദേശം ഇവർ അവഗണിച്ചു. അതേസമയം, സ്വകാര്യ നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ ആശുപത്രികളിൽ ഡ്യൂട്ടിക്ക് നിയോഗിച്ചു.

പരിയാരം മെഡിക്കൽ കോളേജിലെ നഴ്സിംഗ് വിദ്യാർത്ഥികൾ പയ്യന്നൂരിലെയും തളിപ്പറമ്പിലെയും സ്വകാര്യ ആശുപത്രികളിൽ ഡ്യൂട്ടിക്ക് ഹാജരാവാനായിരുന്നു നിർദ്ദേശം. എന്നാൽ സ്വകാര്യ ആശുപത്രികളിൽ ജോലിക്ക് പോകാൻ തയ്യാറല്ലെന്ന നിലപാടിലായിരുന്നു വിദ്യാർത്ഥികൾ. കളക്ടറുടെ ഉത്തരവിനെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്ന് ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ദേശീയ സെക്രട്ടറി വിനീത് കൃഷ്ണൻ പറഞ്ഞു. നാളെ കളക്ടറേറ്റ് മാർച്ചും നടത്തും.

തിങ്കളാഴ്ച മുതൽ അഞ്ചു ദിവസത്തേക്ക് ജില്ലയിലെ നഴ്സിംഗ് കോളേജുകളിൽ അദ്ധ്യയനം നിറുത്തണമെന്നും ഒന്നാംവർഷ വിദ്യാർത്ഥികൾ ഒഴികെയുള്ളവരെ സമരം നടക്കുന്ന ആശുപത്രികളിൽ ഡ്യൂട്ടിക്ക് അയയ്ക്കണമെന്നും കളക്ടർ നിർദ്ദേശിച്ചിരുന്നു. 150 രൂപയാണ് ദിവസവേതനം പ്രഖ്യാപിച്ചത്. കൊയിലി, ലൂർദ്ദ് നഴ്സിംഗ് കോളേജുകളിലെ വിദ്യാർത്ഥികളെ അവരുടെ ആശുപത്രികളിൽ തന്നെ ഡ്യൂട്ടിക്ക് നിയോഗിച്ചു. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് യുവമോർച്ച, എ.ഐ.വൈ.എഫ് പ്രവർത്തകർ ആശുപത്രികളിലേക്ക് മാർച്ച് നടത്തി. ഇന്നലെ സമരസഹായ സമിതി രൂപീകരണയോഗത്തിൽ നിന്ന് സി.പി.എമ്മും പോഷകസംഘടനകളും വിട്ടുനിന്നു. കെ.പി.സി.സി എക്സിക്യൂട്ടിവ് അംഗം മാർട്ടിൻ ജോർജിനെ ചെയർമാനായും ഡോ. ഡി. സുരേന്ദ്രനാഥിനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

നിയമം ലംഘിക്കുന്നത് റിലയൻസ്: മന്ത്രി സുധാകരൻ

തിരുവനന്തപുരം: കേരളത്തിലെ പൊതു നിരത്തുകളിൽ ഏറ്റവും കൂടുതൽ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് റിലയൻസ് ആണെന്ന് മന്ത്രി ജി. സുധാകരൻ കുറ്റപ്പെടുത്തി. ഇടതു സർക്കാർ റിലയൻസിന് മുന്നറിയിപ്പ് നൽകുകയും തത്കാലം റോഡ് കുഴിക്കുന്ന ജോലികൾ നിറുത്തിവയ്പിക്കുകയും ചെയ്തിരുന്നു.

ഇപ്പോൾ ആലപ്പുഴ, കൊല്ലം, എറണാകുളം ജില്ലകളിൽ റിലയൻസ് വീണ്ടും റോഡ് വെട്ടിപ്പൊളിച്ചു. നിയമവിരുദ്ധമായി റോഡ് വെട്ടിപ്പൊളിച്ച് യാത്രാ തടസവും സാമ്പത്തിക നഷ്ടവും വരുത്തുന്ന രീതി ഉപേക്ഷിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. പൊതുമരാമത്ത് വകുപ്പ് അനുവദിച്ച രീതിയിൽ കേബിൾ ഇടുന്നതിന് തയ്യാറാകണം. മറ്റ് സർക്കാർ ഏജൻസികളും നമ്മുടെ റോഡുകളെ മാനിക്കണം. പൈപ്പുകളും, കേബിളും ഇടുന്നത് ആവശ്യമാണ്. പക്ഷേ പൊതുമരാമത്ത് വകുപ്പിന്റെ നിർമാണം പോലും തടസപ്പെടുത്തി തന്നിഷ്ടംപോലെ റോഡുകൾ നശിപ്പിച്ച് ഖജനാവിന് കോടികളുടെ നഷ്ടവും യാത്രാദുരിതവും സൃഷ്ടിക്കുന്നത് തീർത്തും നിയമവിരുദ്ധമാണ്.

കേരളത്തിലെ പൊതുമരാമത്ത് റോഡുകളും നിരത്തുകളും കൈയേറിയവർ സ്വയം ഒഴിയണം. ഇല്ലെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിക്കും. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപരമായ സഹായവും വേണ്ടിവരും.

സെൻസർഷിപ്പിന്റെ രീതി മാറണം: നടൻ നാസർ

കോഴിക്കോട്: സിനിമാ സെൻസർഷിപ്പിന്റെ രീതി മാറണമെന്ന് തെന്നിന്ത്യൻ ചലച്ചിത്ര നടനും സൗത്ത് ഇന്ത്യൻ ഫിലിം ആർട്ടിസ്റ്റ് അസോസിയേഷൻ പ്രസിഡന്റുമായ നാസർ പറഞ്ഞു. രാജ്യദ്രോഹപരമായ കാര്യങ്ങൾ ഒഴിവാക്കാം. എന്നാൽ ഭരണകൂടത്തിനെതിരെയുള്ള പരാമർശങ്ങൾ സിനിമയിൽ സെൻസർ ചെയ്യപ്പെടുന്നത് ശരിയല്ല. ദേശവിരുദ്ധതയും സർക്കാർവിരുദ്ധതയും രണ്ടാണ്. അറേബ്യൻ ഫ്രെയിംസിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കൊച്ചി മെട്രോ ഹ്രസ്വചിത്ര പ്രദർശനത്തിന്റെ ഭാഗമായി വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നടി ആക്രമിക്കപ്പെട്ട വിഷയം കോടതിയുടെ പരിഗണനയിലായതുകൊണ്ട് അതേക്കുറിച്ച് പ്രതികരിക്കുന്നില്ല. വിധി വരുന്നതുവരെ കാത്തിരിക്കാം. നടിക്കു നേരിട്ട അവസ്ഥയിൽ ദുഃഖമുണ്ട്. ഇതുപോലെ ഇനി ഉണ്ടാവരുതെന്നാണ് ആഗ്രഹിക്കുന്നതെന്നും നാസർ പറഞ്ഞു.